ഊർജം ചന്ദ്രനിൽ സുലഭമാവും. മനുഷ്യപ്രയത്നം കൂടാതെ, ഒന്നാം ഘട്ടത്തിൽ നിർമിച്ചുകഴിഞ്ഞ കേന്ദ്രങ്ങളിൽനിന്നുള്ള നിയന്ത്രണത്തിനു വിധേയമായി, ചന്ദ്രനിലെമ്പാടും ഖനനപ്രവൃത്തികൾ ചെയ്യുന്നതിനുള്ള സംവിധാനങ്ങളും നാലാം ഘട്ടത്തിൽ പൂർത്തിയാക്കാം.

അഞ്ചാം ഘട്ടത്തിലാണു വൻതോതിൽ മനുഷ്യർ ഭൂമിയിൽനിന്ന് ചന്ദ്രനിൽപോയി പാർപ്പുതുടങ്ങുക. ഭൂമിയിലുള്ള അതേ അന്തരീക്ഷവും ജീവിതസൗകര്യവും അവിടെ മനുഷ്യർക്ക് ലഭിക്കും; മണ്ണിനടിയിലുള്ള മാളങ്ങളിലായിരിക്കുമെന്നു മാത്രം.

അപ്പോഴേക്കും ചന്ദ്രവാസികൾക്ക് രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യം കൈവന്നിരിക്കും. സ്വതന്ത്ര പൗരരെന്ന നിലയിൽ അവർ ഭൂമിയിലെ പൗരന്മാരുമായി കച്ചവടം നടത്തി സുഖമായി ജീവിക്കുകയും, ഭാവിയിൽ ചന്ദ്രനിൽ വ്യവസായ വികസനത്തിനു വേണ്ട മൂലധനം സ്വയം സംഭരിക്കുകയും ചെയ്യും. ലോകബാങ്കിൽനിന്ന് വായ്പ വാങ്ങാനൊന്നും അവർ മിനക്കെടേണ്ടിവരികയില്ല.

ഇത്രയും നേട്ടങ്ങൾ ഉണ്ടാക്കാൻ എത്രകാലം വേണ്ടിവരും? അമ്പതു വർഷങ്ങൾ ധാരാളം മതിയെന്നാണ് ക്രാഫ്റ്റ് എഹ്റിക്കേ കരുതുന്നത്. അപ്പോഴേക്ക് ചന്ദ്രനും ഭൂമിക്കുമിടയിൽ ഗതാഗതം സാധാരണമാവും. പക്ഷേ, വിനോദസഞ്ചാരികളോ മധുവിധു ആഘോഷിക്കുന്ന നവദമ്പതികളോ ചന്ദ്രമാളങ്ങളിലേക്ക് ആനന്ദം തേടി ചെന്നെത്തുമെന്നു കരുതേണ്ടതില്ല. ചുരുങ്ങിയ പ്രയത്നംകൊണ്ട് പെരുത്തുലാഭം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്ന മുരത്ത മുതലാളിമാരാവും ചന്ദ്രനിലെ മനുഷ്യർ.

ചന്ദ്രനിൽ ആൾപ്പാർപ്പ് ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടം, വേണമെങ്കിൽ, ഇപ്പോൾ, ഇവിടെ ആരംഭിക്കാമെന്നാണ് ക്രാഫ്റ്റ് എഹ്റിക്കേ വിശ്വസിക്കുന്നത്. പക്ഷേ, ഇന്നത്തെ ഭൂമിയിലെ രാഷ്ട്രീയ-സാമ്പത്തിക കാലാവസ്ഥയിൽ, ഇത്തരം വിപ്ലവകരങ്ങളായ മഹാപ്രയത്നങ്ങൾക്കുവേണ്ടി പണം നിക്ഷേപിക്കുന്നതു പോയിട്ട്, ഈ മാതിരി പദ്ധതികളെപ്പറ്റി താല്പര്യപൂർവം ചിന്തിക്കുന്നതിനുതന്നെ ആളുകൾ മുന്നോട്ടു വരുന്നില്ലെന്നത്രേ ഭവിഷ്യവിജ്ഞാനിയായ ഈ റോക്കറ്റ് എൻജിനീയരുടെ പരാതി.

28 നവംബർ, 1982

## 128. പഞ്ചാംഗത്തെപ്പറ്റി

കാലം എന്നാൽ എന്താണ്? ശരിയായ ഒരു നിർവചനം നല്കാൻ ആവശ്യപ്പെട്ടാൽ നമ്മളിൽ മിക്കവരും കുഴങ്ങിപ്പോകും. എന്നാൽ, കാലത്തെപ്പറ്റിയുള്ള ധാരണ നമുക്കെല്ലാവർക്കുമുണ്ട്. ദിനരാത്രങ്ങളുടെ നിയതമായ ആവർത്തനമാണ്, കാലമെന്ന ധാരണയുടെ പ്രധാനമായ അടിസ്ഥാനം. ഇതിനു പുറമേ കറുത്തവാവു മുതൽ കറുത്തവാവു വരെയുള്ള ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളുടെ പ്രകടമായ ഒരാവർത്തനവുമുണ്ട്. ഇതിന്റെയും പിന്നിൽ ഋതുക്കളുടേതായ മറ്റൊരാവർത്തനവും കാലബോധത്തിന് അടിസ്ഥാനമായി നിലകൊള്ളുന്നു. നക്ഷത്രങ്ങളിലൂടെയുള്ള ഗ്രഹങ്ങളുടെ (സൂര്യചന്ദ്രന്മാരുടെയും) ഗതിയും ഇപ്രകാരം ആവർത്തനസ്വഭാവമുള്ളതും കാലബോധത്തിന് അടിസ്ഥാനം നല്കുന്നതുമാണ്.

അവ്യക്തമായ കാലബോധത്തെ വ്യക്തവും മൂർത്തവും സർവജനീനവുമാക്കുന്നതിനുള്ള ഒരുപകരണമാണ് പഞ്ചാംഗം.

നാലു തരത്തിലുള്ള പഞ്ചാംഗങ്ങൾ നാം ഉപയോഗപ്പെടുത്തുന്നുണ്ട്. മറെറാരു തരത്തിൽ പറഞ്ഞാൽ, നമ്മുടെ മുറികളുടെ ചുവരുകളിൽ തൂങ്ങുന്ന കലണ്ടറുകളിൽ നാലുതരം പഞ്ചാംഗങ്ങളിലെ വസ്തുതകൾ സമാഹരിച്ചിരിക്കുന്നു.

'ഗ്രിഗോറിയൻ കലണ്ടർ' എന്നു വിളിക്കപ്പെടുന്ന, ക്രിസ്തുവിൻെറ ജനനത്തെ കാലഗണനയുടെ ആദിബിന്ദുവായി കണക്കാക്കുന്ന, യൂറോപ്യൻ പഞ്ചാംഗമാണ് ഇതിലൊന്ന്. ഇന്നത്തെ രീതിയിൽ ഈ പഞ്ചാംഗം വ്യവസ്ഥപ്പെടുത്തിയതു് നാനൂറു വർഷം മുമ്പ്, 1582 ഒക്ടോബർ 5-ാം തീയതി, ഗ്രെഗറി പതിമ്മൂന്നാമൻ എന്ന മാർപ്പാപ്പയാണ്. ഈ കലണ്ടർ പ്രകാരം സാധാരണ ഒരാണ്ടിൽ 365 ദിവസവും ജനുവരി മുതൽ ഡിസംബർ വരെ പന്ത്രണ്ടു മാസങ്ങളും ഏഴു ദിവസങ്ങൾ അടങ്ങിയ ആഴ്ചകളുമുണ്ട്. എന്നാൽ, നന്നാലു കൊല്ലം കൂടുമ്പോൾ ഒരാണ്ടിൽ 366 ദിവസമുണ്ടാകും. പന്ത്രണ്ടു മാസങ്ങളുടെ തീയതികൾ 28 മുതൽ 31 വരെയായി ക്രമപ്പെടുത്തിയിരിക്കുന്നു.

ഗ്രിഗോറിയൻ കലണ്ടർ അനുസരിച്ചാണു നമ്മുടെ സർക്കാരിൻെറ പ്രവർത്തനങ്ങൾ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളതു്. സർക്കാരിലേക്കു കിട്ടേണ്ട തുകകൾ വസൂലാക്കുന്നതും, സർക്കാരിൽനിന്നു കൊടുക്കേണ്ട തുകകൾ കൊടുക്കുന്നതും, ഗ്രിഗോറിയൻ കലണ്ടറിലെ മാസങ്ങളെയും തീയതികളെയും അടിസ്ഥാനപ്പെടുത്തിയാകുന്നു. ഗ്രിഗോറിയൻ കലണ്ടറിലെ ആഴ്ചകളെ അടിസ്ഥാനമാക്കിയാണു സാധാരണ പ്രവൃത്തി ദിവസങ്ങളും മുടക്കു ദിവസങ്ങളും നിശ്ചയിച്ചിരിക്കുന്നതു്. സർക്കാരിനു പുറമേ, സാധാരണ ജനങ്ങളുടെ നിത്യജീവിതത്തിലെ സാധാരണ (സിവിൽ) നടപടികളും ഈ കലണ്ടറിലെ തീയതികളെ ആധാരമാക്കി നടന്നു വരുന്നു.

ഗ്രിഗോറിയൻ കലണ്ടറിൽ മാസങ്ങളും അവയിലെ തീയതികളും വ്യവസ്ഥിതങ്ങളെങ്കിലും, ആഴ്ചകൾ ഇവയോടിണങ്ങാത്ത മറെറാരു പദ്ധതിയായി, ചക്രത്തിനുള്ളിൽ മറെറാരു ചക്രംപോലെ, വേറിട്ടു നില്ക്കുന്നു. അതായതു്, മാസത്തിലെ തീയതിയും ആഴ്ചയുമായി യാതൊരു ബന്ധവുമില്ല. ഇതുനിമിത്തം, ആഴ്ചകളെ അടിസ്ഥാനപ്പെടുത്തിയുള്ള മുടക്കങ്ങൾ (ഉദാ: ദുഃഖവെള്ളിയാഴ്ച) മുപ്പത്തഞ്ചു ദിവസത്തോളം മുന്നോട്ടോ പിന്നോട്ടോ നീങ്ങാം. ഓരോ മാസവും തീയതികളുടെ എണ്ണം തുല്യമല്ലാത്തതിനാലും പല കഴപ്പങ്ങളുമുണ്ട്. മാസ ശമ്പളക്കാരുടെ ദിവസവരുമാനം 31 ദിവസം ഉള്ള ജനുവരിയിലും 28 ദിവസമുള്ള ഫെബ്രുവരിയിലും വ്യത്യസ്തമായിരിക്കുമല്ലോ. ഈ കഴപ്പങ്ങളെല്ലാം പരിഹരിച്ച്, എല്ലാ വർഷങ്ങൾക്കും ഒരുപോലെ ബാധകമാക്കാവുന്ന ഒരു ലോക കലണ്ടർ നിർമിക്കാനുള്ള ശ്രമം ഒരു നൂററാണ്ടു മുമ്പ് 1887-ൽ ആരംഭിച്ചു. ഈ കലണ്ടർ പ്രകാരം എല്ലാ ആണ്ടുകളും ജനുവരി ഒന്നാം തീയതി ഞായറാഴ്ച ആരംഭിക്കും. ആണ്ടറുതി (ഡിസംബർ 31) ഇന്നത്തെ ഏഴാഴ്ചകളിൽ ഒന്നുമായിരിക്കയില്ല; അതിനു പേർ 'ലോകദിനം' (വേൾഡ്സ് ഡേ) എന്നായിരിക്കും. നാലു വർഷം കൂടുമ്പോൾ ആണ്ടിന് 366 ദിവസമുണ്ടാകുമല്ലോ. ആ ആണ്ടിൽ (ലീപ്പ് വർഷത്തിൽ) ജൂൺമാസത്തിൻെറ അവസാനം, ഏഴ് ആഴ്ചകളിലും ഉൾപ്പെടാത്ത ഒരു 'ലീപ്പ് ഇയർ ദിനം' കൂട്ടിച്ചേർക്കും. (അതായതു് ലീപ്പ് വർഷത്തിൽ ജൂണിൽ 31 ദിവസങ്ങളുണ്ടാവും; 31 ാം തീയതി ആഴ്ച കണക്കാക്കുകയില്ല). ഓരോ ആണ്ടിലും തുല്യ ദൈർഘ്യം (91 ദിവസം) ഉള്ള നാലു ഭാഗങ്ങൾ ഉണ്ടാകും. ഓരോ ഭാഗത്തിലും ആദ്യത്തെ മാസത്തിൽ (ജനുവരി, ഏപ്രിൽ, ജൂലായ്, ഒക്ടോബർ) 31 ദിവസവും മററു മാസങ്ങളിൽ 30 ദിവസവും ആയിരിക്കും. ഓരോ മാസത്തിലും ഞായറാഴ്ചകൾ ഒഴികെ 26 പ്രവൃത്തി ദിവസങ്ങൾ ഉണ്ടാവും. ഓരോ വർഷവും, വർഷത്തിൻെറ നാലു ഭാഗങ്ങളിൽ ഓരോന്നും, ഞായറാഴ്ചകൊണ്ടു തുടങ്ങി,

ശനിയാഴ്ചകൊണ്ട് അവസാനിക്കും. ഈ കലണ്ടർ എല്ലാ വർഷത്തേക്കും ഒരുപോലെ ബാധകമായിരിക്കും.

ഇത്തരമൊരു ലോക കലണ്ടറിന്റെ സൗകര്യം വളരെ വ്യക്തമാണ്. ഇതു് അംഗീകരിക്കുന്നതിനെപ്പററി 1954-ൽ ഐക്യരാഷ്ട്രസമിതിയുടെ സാമ്പത്തിക സാമൂഹ്യ കൗൺസിൽ ചർച്ച ചെയ്യുകയുണ്ടായി. എന്നാൽ ജൂതന്മാരുടെ എതിർപ്പുമൂലം ഐക്യരാഷ്ട്രസമിതി ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുകയുണ്ടായില്ല. ഫലം: അവ്യവസ്ഥിതമായ ഗ്രിഗോറിയൻ കലണ്ടറിന്റെ അടിസ്ഥാനത്തിൽ ലോകത്തിന്റെ സിവിൽ സാമ്പത്തിക വ്യവഹാരങ്ങളെല്ലാം ഇപ്പോഴും നടത്തേണ്ടിവരുന്നു.

ഇന്ത്യയിൽ മതകാര്യങ്ങൾ അനുഷ്ഠിക്കപ്പെടുന്നതു് അശ്വതി മുതൽ രേവതിവരെയുള്ള നക്ഷത്രങ്ങളുടെ അടിസ്ഥാനത്തിലോ, പ്രതിപദം മുതൽ വാവു വരെയുള്ള തിഥികളുടെ അടിസ്ഥാനത്തിലോ, ചില പ്രത്യേക ഗ്രഹനിലകളുടെ അടിസ്ഥാനത്തിലോ ആണ്. അതിനാൽ നക്ഷത്രം, തിഥി, ഗ്രഹനിലകൾ എന്നിവ കൃത്യമായി ഗണിക്കേണ്ടതു് ആവശ്യമായി വന്നു. ഇതിനായി ഉപയോഗപ്പെടുത്തിയിരുന്ന പഞ്ചാംഗഗണനയുടെ ആധാരം എ. ഡി. 400-നടുത്തു് ആവിഷ്കരിക്കപ്പെട്ട ബ്രഹ്മഗുപ്തന്റെ 'സൂര്യസിദ്ധാന്തം' ആയിരുന്നു. ഇതനുസരിച്ച് ഒരു വർഷത്തിന്റെ ദൈർഘ്യം 365 ദിവസവും 6 മണിക്കൂറും 12. 6 മിനുട്ടുമാണ്. എന്നാൽ, യഥാർത്ഥത്തിൽ ഒരു വർഷത്തിൽ 365 ദിവസവും 5 മണിക്കൂറും 48.8 മിനുട്ടുമേ ഉള്ളു. അങ്ങനെ ഇന്ത്യൻ പഞ്ചാംഗവർഷത്തിൽ യഥാർത്ഥവർഷത്തിലേക്കാൾ 23.8 മിനുട്ട് കൂടുതലുണ്ട്. ഈ വ്യത്യാസംമൂലം ഇന്ത്യൻ പഞ്ചാംഗഗണനയിൽ പല തെററുകളും കടന്നുകൂടിയിട്ടുണ്ട്. അറുപതു വർഷത്തിൽ ഒരു ദിവസമെന്ന തോതിൽ വർഷാരംഭമായ വിഷു മുന്നോട്ടു പോകുന്നു എന്നതാണ് ഇതിന്റെ ഒരു ഫലം. യഥാർത്ഥത്തിൽ മാർച്ച് 21-ാം തീയതി നടക്കുന്ന മേഷവിഷു സംക്രമം, നമ്മുടെ പഞ്ചാംഗമനുസരിച്ച് ഈയാണ്ടിൽ ഏപ്രിൽ 13-ആയതു് ഇതുകൊണ്ടാണ്.

ഇന്ത്യയിൽ മുപ്പതിലേറെ വ്യത്യസ്ത പഞ്ചാംഗങ്ങൾ പ്രചരിക്കുന്നുണ്ട്. ഈ പഞ്ചാംഗങ്ങളെ ഏകീകരിച്ച് ഇന്ത്യയിലാകെ മതകാര്യങ്ങൾക്ക് ഏകീകൃതമായ ഒരു പഞ്ചാംഗം ഉണ്ടാക്കാൻ ജവാഹർലാൽ നെഹ്റുവിന്റെ പ്രേരണയോടെയും ഡോ. മേഘനാഥ് സാഹാ അദ്ധ്യക്ഷനായും 1952-ൽ രൂപവല്ക്കരിച്ച വിദഗ്ദ്ധക്കമ്മററി നടപ്പാക്കിയതാണ് രാഷ്ട്രീയ പഞ്ചാംഗഗണന. എ. ഡി. 78-ൽ ആരംഭിച്ച ശകവർഷത്തിൽ ഇപ്പോൾ 1904-ാമത്തെ വർഷമാണ്. യഥാർത്ഥ മേഷവിഷു സംക്രമത്തിന്റെ പിറേറന്നു്, മാർച്ച് 22-ാം തീയതി, ശകവർഷം തുടങ്ങുന്നു. ആദ്യമാസമായ ചൈത്രത്തിൽ 30 ദിവസങ്ങളുണ്ട്, 'ലീപ്പ് വർഷത്തിൽ' ഇതു് 31 ദിവസങ്ങളാവും. മററു മാസങ്ങളിലെല്ലാം ദിവസങ്ങൾ നിശ്ചിതങ്ങളാണ്. കമ്മററിയുടെ നിർദ്ദേശപ്രകാരം ഗണിച്ചു തയ്യാറാക്കുന്ന ശകവർഷത്തിലെ മാസവും തീയതിയും ഇപ്പോൾ ഔദ്യോഗിക രേഖകളിലും പത്രങ്ങളിലും കലണ്ടറുകളിലും മററും, ഗ്രിഗോറിയൻ കലണ്ടറിലെ മാസം, തീയതി ഇവയോടൊപ്പം, ചേർത്തുവരുന്നു.

ഈ രണ്ടു കാലഗണനകൾക്കു പുറമേ, മലയാളികൾ കൊല്ലവർഷവും കണക്കാക്കി വരുന്നു. കൊല്ലവർഷം കേരളത്തിന്റെ ഒത്ത നടുവിലുള്ള ഭാരതപ്പുഴയ്ക്കു തെക്ക് ചിങ്ങമാസത്തിലും വടക്ക് കന്നിമാസത്തിലുമാണ് ആരംഭിച്ചിരുന്നതു്. അതു് ഇപ്പോൾ രണ്ടു ഭാഗത്തും ചിങ്ങത്തിൽത്തന്നെ ആരംഭിക്കുന്നു. കേരളത്തിൽ ചില മതകർമ്മങ്ങൾക്ക് 'ദൃക്സിദ്ധം' എന്ന പരിഷ്കൃത സമ്പ്രദായത്തിലുള്ള തിഥി—നക്ഷത്രഗണനയും, മററു ചില കർമ്മങ്ങൾക്ക് 'പരഹിതം' എന്ന പഴയ സമ്പ്രദായത്തിലുള്ള ഗണനയുമാണ് അടിസ്ഥാനമായി കരുതപ്പെടുന്നതു്.

ഇങ്ങനെ മൂന്നു വ്യത്യസ്ത പഞ്ചാംഗ സമ്പ്രദായങ്ങൾക്കു പുറമേ, ആണ്ടോടാണ്ട് വളരെ വ്യത്യാസം വരുന്നതും, തികച്ചും ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ ആസ്പദിച്ചുള്ളതുമായ അറബിപ്പഞ്ചാംഗവും നമ്മുടെ കലണ്ടറുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കാരണം, കേരളത്തിലെ ജനസംഖ്യയിലെ വലിയൊരു വിഭാഗമായ മുസ്ലീങ്ങളുടെ മതകർമങ്ങൾ അറബിപ്പഞ്ചാംഗ ഗണനയെ ആധാരമാക്കിയാണു നടത്തുന്നത്.

ഇന്ത്യയിലൊട്ടാകെ വർഷാരംഭമാണ് വിഷു. 'വർഷാരംഭം' എന്ന അർത്ഥത്തിൽ 'യുഗാദി' എന്ന പേരിലാണ് പലേടത്തും വിഷു അറിയപ്പെടുന്നത്. ചിങ്ങം മുതൽ വർഷാരംഭം കണക്കാക്കുന്നുണ്ടെങ്കിലും, വിഷുവിന്റെ പ്രാധാന്യം കേരളീയരും അംഗീകരിക്കുന്നുണ്ട്. മേഷവിഷു സംക്രമസമയത്തെ ഗ്രഹനില അടുത്ത ഒരു വർഷത്തേക്കു ലോകത്തിന്റെ ഭാഗധേയത്തെ സാരമായി ബാധിക്കുമെന്നാണു വിശ്വാസം. അതിനാൽ, വർഷാരംഭം കുറിക്കുന്ന വിഷു അടുത്ത ഈ അവസരത്തിൽ, നമ്മുടെ പഞ്ചാംഗ വ്യവസ്ഥകളെപ്പറ്റിയുള്ള ഒരു ചിന്ത അപ്രസക്തമല്ല.

അളവ്, തൂക്കം എന്നിവയ്ക്കു നാം ശാസ്ത്രീയമായ മെട്രിക് സമ്പ്രദായം അംഗീകരിച്ചു കഴിഞ്ഞു. നാണയവ്യവസ്ഥയും ദശാംശാടിസ്ഥാനത്തിലായി. നിശ്ചിതവും ആണ്ടോടാണ്ട് മാറാത്തതുമായ ലോക കലണ്ടർ കാലഗണനയ്ക്ക് അടിസ്ഥാനമായി സ്വീകരിക്കാൻ കഴിഞ്ഞാൽ പല അസൗകര്യങ്ങളും ഒഴിവാക്കാൻ സാധിക്കുമായിരുന്നു. ഒരു ചെറു മതവിഭാഗത്തിന്റെ മർക്കടമുഷ്ടി കാരണമാണ് ഈ പരിഷ്കാരം നടപ്പിലാവാതെ പോയത് എന്നു നാം കണ്ടുകഴിഞ്ഞു. ഇനി വല്ല വിധവും ലോകകലണ്ടർ ഭൗതിക (മതേതര) കാര്യങ്ങൾക്ക് ആധാരമായി സ്വീകരിക്കപ്പെട്ടാൽത്തന്നെ, മതകാര്യങ്ങൾക്ക് വ്യത്യസ്ത ജനതകൾ അവരുടെ പഴയ (അശാസ്ത്രീയ) കാലഗണനകളെത്തന്നെ മുറുകെപ്പിടിക്കാനാണു വഴി. മതകാര്യങ്ങളിൽ യുക്തിയേക്കാൾ സ്ഥാനം വികാരത്തിനാണല്ലോ. കാലബോധം മതബോധവുമായി വേർതിരിക്കാനാവാത്തവിധം കെട്ടിപ്പിണഞ്ഞാണുതാനും കിടക്കുന്നത്. കാലത്തെ ഈശ്വരനായി കരുതി ആരാധിക്കുന്ന ജനവിഭാഗങ്ങളുമുണ്ട്. കാലത്തിലെ ചില നിശ്ചിത ബിന്ദുക്കൾക്ക് ക്ഷേത്രങ്ങൾ നിർമിച്ചവരും ഉണ്ടായിരുന്നു.

അതുകൊണ്ട് കലണ്ടറിൽ എത്രയെങ്കിലും പഞ്ചാംഗങ്ങൾ സഹവർത്തിച്ചു കൊള്ളട്ടെ എന്നു കരുതുകയേ നിർവാഹമുള്ളു എന്നു തോന്നുന്നു.

16 മെയ്, 1982